**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1892** **11-02-2020-ൽ മറുപടിക്ക്.**

## യു.എൽ.സി.സി.എസ്. ന് നേരിട്ട് കരാർ കൊടുത്ത നടപടി

**ചോദ്യം**

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സ്ഥാപനത്തിന് (യു.എൽ.സി.സി.എസ്.) സി-ഡിറ്റിൽ നിന്നും ആകെ എത്ര തുകയുടെ വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്;ഏതൊക്കെ പ്രവൃത്തികളാണ് നൽകിയിട്ടുളളത് എന്നും വിശദമാക്കാമോ;

(എ) ചുവടെ പറയുന്ന വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | തുക |
|---|---|---|
| 1. | തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി ടെർമിനൽ കോംപ്ലക്സിന്റെ ആറാം നിലയിലെ കെ.എസ്.എഫ്.ഇ കോണ്ടാക്ട് സെന്ററിന്റെ സിവിൽ, ഇലക്ട്രിക്കൽ, ഇന്റീരിയർ, നെറ്റ്‌വർക്കിംഗ് പ്രവൃത്തികൾ | ₹1,45,00,000/- (ജി.എസ്.റ്റി ഒഴികെ) |
| 2. | കെ.എസ്.എഫ്.ഇ കോണ്ടാക്ട് സെന്ററിൽ ഡീസൽ ജനറേറ്ററിനുള്ള പ്ലാറ്റ്ഫോം, എൻക്ലോഷർ എന്നിവയുടെ നിർമ്മാണം | ₹1,98,954/- (ജി.എസ്.റ്റി ഉൾപ്പെടെ) |

(ബി) അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ വിളിക്കാതെ യു.എൽ.സി.സി.എസ്. ന് നേരിട്ട് കരാർ കൊടുക്കാൻ വ്യവസ്ഥകൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ ഏതു വ്യവസ്ഥ അനുസരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ടെണ്ടർ വിളിക്കാതെ കരാർ കൊടുക്കാൻ വ്യവസ്ഥ ഇല്ലെങ്കിൽ ഇതിന്

(ബി) & (സി) സ.ഉ (പി) നം. 95/2017/ധന തീയതി 25.07.2017, സ.ഉ (പി) നം. 122/2017/ധന തീയതി 18.09.2017 എന്നീ ഉത്തരവുകൾ പ്രകാരം അനുമതിയുണ്ട്.

| | | | |
|---|---|---|---|
| | ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | കേരളാ പോലീസ് ഊരാളുങ്കലിന് നൽകിയിരുന്ന വർക്ക് ഓർഡർ പിൻവലിച്ച സാഹചര്യം നിലനിൽക്കെ, കേരള പോലീസിൽ നിന്നും സി-ഡിറ്റിനു ലഭിച്ച മൂന്നു പ്രൊജക്ടുകൾ സി-ഡിറ്റ് നഷ്ടപ്പെടുത്തിയ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രോജക്ട് നഷ്ടപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള പോലീസിൽ നിന്നും സി-ഡിറ്റിനു ലഭിച്ച പ്രൊജക്ടുകൾ ഒന്നും തന്നെ നഷ്ടപ്പെടുത്തിയ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Smitha A.S.

**സെക്ഷൻ ഓഫീസർ**